# അക്കാദമിക് മാസ്റ്റർ പ്ലാൻ
# ഗവ.എൽ .പി. സ്കൂൾ
# അറന്നൂറ്റി മംഗലം
# 2025-26
# സബ് ജില്ല : മാവേലിക്കര
# പഞ്ചായത്ത് : തഴക്കര
# റവന്യൂ ജില്ല: ആലപ്പുഴ

# ആമുഖം

അറന്നൂറ്റിമംഗലം ഗവൺമെന്റ് എൽ പി സ്കൂൾ തഴക്കര പഞ്ചായത്തിലെ പതിനാറാം വാർഡിൽ സ്ഥിതി ചെയ്യുന്നു. ഗുണമേന്മയുള്ളതും സൗജന്യവും നിർബന്ധിതവും ആയ വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുന്നതിൽ ഈ വിദ്യാലയം കൂടുതൽ ഊന്നൽ നൽകുന്നു. നിരന്തരവും സമഗ്രവുമായ വിലയിരുത്തലിലൂടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നു. ഇത്തരത്തിൽ കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതോടൊപ്പം അവരുടെ സ്വഭാവ രൂപീകരണത്തിലും ശ്രദ്ധ ചെലുത്തി വരുന്നു. ശിശു സൗഹൃദവും ശുചിത്വപൂർണ്ണവുമായ അന്തരീക്ഷം ഈ വിദ്യാലയത്തിൽ നിലനിൽക്കുന്നു. തഴ ക്കര പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ താരതമ്യേന മുന്നിട്ടു നിൽക്കുന്ന ഈ വിദ്യാലയം ജില്ലാ സബ്ജില്ലാതല മത്സരങ്ങളിൽ എല്ലാം പാഠ്യ പാഠ്യേതര മേഖലകളിൽ മികവു പുലർത്തുന്നു. ഈ വിദ്യാലയത്തിൽ 4 അധ്യാപകരും ( HM ഉൾപ്പെടെ)120 കുട്ടികളും ( പ്രീ പ്രൈമറി ഉൾപ്പെടെ) ഒരു പി ടി സി എം ഉം ഒരു പാചക തൊഴിലാളിയും പ്രവർത്തിക്കുന്നു. പിടിഎയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രീ പ്രൈമറിയിൽ രണ്ട് അധ്യാപകർ ജോലി ചെയ്യുന്നു.

## സ്കൂളിന്റെ മികവുകൾ

- പരിസ്ഥിതി സൗഹൃദ ഹരിത വിദ്യാലയം
- ആകർഷകമായ സ്കൂൾ അന്തരീക്ഷം
- കുട്ടികളുടെ പാർക്ക്
- ഇന്റർനെറ്റ് സൗകര്യം
- സാങ്കേതിക വിദ്യയുടെ സഹായത്തോടെ പഠനം

- പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം
- വിപുലമായ സ്കൂൾ ലൈബ്രറി
- പരിചയസമ്പന്നരായ അധ്യാപകർ
- യാത്രാസൗകര്യം
- മാലിന്യ സംസ്കരണ സംവിധാനം
- എൽ എസ് എസ് പരിശീലനം(3 വിജയികൾ മുൻവർഷം )

## പരിമിതികൾ

ആവശ്യത്തിന് ജീവനക്കാരില്ലാത്തത് സ്കൂളിന്റെ പരിമിതിയിൽപ്പെടുന്നു. പി ടി സി എമ്മിന്റെ സ്ഥലംമാറ്റം, കൃത്യസമയത്ത് ഒഴിവുകൾ നികത്താത്ത അവസ്ഥ, അധ്യാപകർ അവധിയെടുക്കുമ്പോൾ പകരം സംവിധാനത്തിലെ പ്രയാസങ്ങൾ, പ്രധാന അധ്യാപികയുടെ ക്ലാസ് ചാർജ്, അക്കാദമിക ഭരണ പരമായ കാര്യങ്ങൾ കൃത്യമായി മുന്നോട്ടു കൊണ്ടുപോകാൻ പ്രയാസം,എൽ പി സ്കൂളിൽ ഓഫീസ് ജോലികൾക്ക് സഹായമില്ലാത്ത അവസ്ഥ

## സാധ്യതകൾ

തഴക്കര പഞ്ചായത്തിലെ മികച്ച സ്കൂൾ ആക്കി മാറ്റാൻ സാധിക്കും. പൂർവ്വ വിദ്യാർത്ഥികൾ പൂർവ്വ അധ്യാപകർ സംഘടനകൾ, ക്ലബ്ബുകൾ എന്നിവരുടെ സഹായം സ്കൂളിന് ശ്രമിച്ചാൽ ലഭിക്കും ഭാഷാപോഷിണി ഗ്രന്ഥശാല, ജീവ കാരുണ്യ കൂട്ടായ്മയായ വോയിസ് ഓഫ് അറന്നൂറ്റിമംഗലം, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവയുടെ സാമീപ്യം സ്കൂളിന് അനുഗ്രഹമാണ്

## ഭീഷണികൾ

- സ്കൂളിന് സമീപം പ്രവർത്തിക്കുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രലോഭനങ്ങൾ നൽകി കുട്ടികളെ ആകർഷിക്കുന്നു
- തെരുവുനായ ശല്യം

## ലക്ഷ്യങ്ങൾ

കുട്ടികളുടെ പഠനം കേവലം വിഷയ പഠനത്തിൽ

ഒതുക്കാതെ സ്വർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിലുള്ള സമഗ്ര വികസനമാണ് സ്കൂൾ ലക്ഷ്യം ഇടുന്നത്. ഓരോ കുട്ടിയും മൂന്ന് ഭാഷകളിൽ എങ്കിലും ഭാഷാജ്ഞാനവും ആശയവിനിമയ ശേഷിയും നേടുക, വിദ്യാലയത്തെ ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി പൂർവ്വ വിദ്യാർത്ഥികൾ പൂർവ്വ അധ്യാപകർ നാട്ടിലെ വിവിധ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ കാലോചിതമായി പ്രവർത്തിക്കുക, ശിശു കേന്ദ്രീകൃതമായ വിദ്യാലയ പ്രവർത്തനങ്ങളിലൂടെ കുട്ടി ജീവിത നൈപുണികൾ നേടിയെന്ന് ഉറപ്പുവരുത്തുക, ആരോഗ്യപൂർണമായ തലമുറയെ വാർത്തെടുക്കുന്നതിന് കുട്ടികളിൽ ശുചിത്വബോധം വളർത്തിയെടുക്കേണ്ടത് അത്യാവശ്യമാണ്. വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയെക്കുറിച്ച് കുട്ടികൾക്ക് അറിവ് പകരുന്നതോടൊപ്പം വിദ്യാലയവും പരിസരവും വൃത്തിയായും ഭംഗിയായും സംരക്ഷിക്കുന്നതിലും ശ്രദ്ധ ചെലുത്തി വരുന്നു.കലാകായിക പ്രവൃത്തിപരിചയ മേഖലകളിൽ വിദഗ്ധരായ അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തി കുട്ടികളെ ഈ മേഖലകളിലെല്ലാം ഉന്നതയിൽ എത്തിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായ കൃഷിരീതികൾ കുട്ടികളെ പരിചയപ്പെടുത്തും. രക്ഷിതാക്കളുടെ സഹകരണത്തോടെ ജൈവ പച്ചക്കറി കൃഷി ഔഷധത്തോട്ടം എന്നിവ നിർമിക്കുക പരിപാലിക്കുക എന്നിവ നടപ്പിലാക്കുന്നു. ഇവയിലെല്ലാം കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. കൃഷിയെയും മാലിന്യ സംസ്കരണത്തെയും ബന്ധപ്പെടുത്തി കൃഷി മെച്ചപ്പെടുത്തുന്ന രീതികൾ നാട്ടിലെ മികച്ച കർഷകരുടെ സഹായത്താൽ കുട്ടികളെ പരിചയപ്പെടുത്തും. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ആവശ്യമായ പഠനാന്തരീക്ഷവും സ്കൂൾ അന്തരീക്ഷവും ഒരുക്കും

ജൈവ ജൈവമാലിന്യങ്ങൾ തരംതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും പ്രകൃതിയോടിണങ്ങി ജീവിക്കുന്നതിനും കുട്ടിയെ പ്രാപ്തനാക്കുക, മയക്കുമരുന്ന് ലഹരി ഉപയോഗങ്ങൾക്കെതിരെ മനോഭാവം ഉണ്ടാക്കുക, റോഡ് നിയമങ്ങളെ പറ്റി വ്യക്തമായ ധാരണ ഉണ്ടാക്കുക, ഡിജിറ്റൽ

അച്ചടക്കം പാലിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. പൊതുമുതൽ സംരക്ഷിക്കുന്ന മനോഭാവം കുട്ടികളിൽ ഉണ്ടാക്കുക, പരസ്പര സഹകരണത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്ന കുട്ടികളെ വാർത്തെടുക്കുക, വൈകാരിക നിയന്ത്രണം പാലിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക

ചുരുക്കത്തിൽ വിദ്യാർത്ഥിയുടെ കഴിവിന്റെ സമസ്ത മേഖലകളുടെയും വികാസം സാധ്യമാകുന്നതിലൂടെ അവനെ സമൂഹത്തിലെ ഒരു നല്ല വ്യക്തിയായി തീർക്കുന്നതിന് ഈ വിദ്യാലയത്തിലെ പ്രവർത്തനങ്ങളിലൂടെ സാധ്യമാകുന്നു

## സ്കൂൾ ചരിത്രം

1915 ലാണ് ഈ സ്കൂൾ സ്ഥാപിതമായത്. ഏകദേശം ഒന്നേകാൽ ഏക്കർ പുറമ്പോക്ക് ഭൂമിയിൽ നാട്ടുകാരായ കുറെ ആളുകളുടെ ശ്രമഫലമായി ആരംഭിച്ച സ്കൂൾ തഴക്കര പഞ്ചായത്തിലെ ഏറ്റവും പ്രായമുള്ള സ്കൂളാണ്. വളരെ അകലെ നിന്നുവരെ പഠനത്തിനായി കുട്ടികൾ എത്തിയിരുന്നതായും അറിയാൻ സാധിച്ചു. ഓല ഷെഡിൽ പ്രവർത്തനം ആരംഭിച്ച സ്കൂൾ പിന്നീട് പല ഘട്ടങ്ങളിലായി മൂന്ന് കെട്ടിടങ്ങൾ, ആവശ്യാനുസരണം ശുചിമുറികൾ, കുടിവെള്ള സൗകര്യം, പാചകപ്പുര, വൈദ്യുതി, തുടങ്ങി പല സൗകര്യങ്ങളും ഉള്ള വിദ്യാലയമായി മാറി. ഇന്ന് ടൈലും ഫാനും ഉള്ള ക്ലാസ് മുറികൾ, കമ്പ്യൂട്ടർ ഇന്റർനെറ്റ് സൗകര്യം, കുട്ടികളുടെ പാർക്ക്,മനോഹരമായ ഗേറ്റ് എന്നിങ്ങനെ മെച്ചപ്പെട്ട സൗകര്യങ്ങൾ വിദ്യാലയത്തെ ആകർഷകമാക്കുന്നു. ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിലെ ഉന്നത ങ്ങളിൽ എത്തിയവർ ധാരാളം ഉണ്ട്. സംസ്ഥാനത്തിനകത്തും പുറത്തും വിദേശങ്ങളിലും തൊഴിൽ ചെയ്യുകയും ഉന്നത സ്ഥാനങ്ങൾ അലങ്കരിക്കുകയും ചെയ്യുന്ന പൂർവ്വ വിദ്യാർത്ഥികൾ വിദ്യാലയത്തിന്റെ അഭ്യുദയകാംക്ഷികളായി ഇന്നും നിലകൊള്ളുന്നു. കുട്ടികളുടെ പാർക്ക് അവരുടെ വലിയ സംഭാവനയാണ്. ഇതിൽ വോയിസ് ഓഫ് അറുന്നൂറ്റിമംഗലം പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. റിയാദ് ഫൗണ്ടേഷൻ നൽകിയ പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം സ്കൂളിന് ഏറെ പ്രയോജനകരമാണ്. ഈ പൊതു വിദ്യാലയത്തിന്

ഉയർച്ചയ്ക്കായി പ്രവർത്തിച്ച ഈ ഗ്രൂപ്പും അഭിനന്ദനത്തിന് അർഹരാണ്. വിദ്യാലയത്തിന് പ്രൊജക്ടർ നൽകിയ വലിയ മൂടേത്ത് ശ്രീ ബാബു നായർ സാധാരണക്കാരായ കുട്ടികളുടെ പഠന പുരോഗതിയാണ് സാധ്യമാക്കി നൽകിയത്.

ഫെഡറൽ ബാങ്കിന്റെ CSR പദ്ധതിയിലൂടെ വാട്ടർ പ്യൂരിഫയർ, 6 അലമാരകൾ, സൗണ്ട് സിസ്റ്റം, പൂർവവിദ്യാർത്ഥിയായ ശ്രീ. രാജൻ പുത്തൂർ 50 കസേരകൾ, ഹിൻഡാൽക്കോ ഇൻഡസ്ട്രീസ് ലിമിറ്റഡ് CSR പദ്ധതിയിലൂടെ 2 സ്മാർട്ട് tv 55 inch samsung, ബ്ലോക്ക് പഞ്ചായത്തിന്റെ വാട്ടർ പ്യൂരിഫയർ എന്നിവയും ലഭിച്ചു.
ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ക്ലാസ് മുറികളിലേക്ക് ആവശ്യമായ ഫാൻ നൽകി സഹായിച്ച എസ്ബിടി കൊച്ചാലുംമൂട് ശാഖ കുട്ടികൾക്ക് വേണ്ടിയുള്ള ഒരു നല്ല പ്രവർത്തനത്തിന്റെ ഭാഗമാവുകയായിരുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ 2020 21 പ്ലാൻ ഫണ്ട് ഉപയോഗിച്ച് (ഒരു കോടി രൂപ ) നിർമ്മിച്ച 6 ക്ലാസ് മുറികൾ ഉള്ള ഇരുനില കെട്ടിടം സ്കൂളിന്റെ മുഖച്ഛായ മാറ്റി. എസ് എസ് കെ സി ഡബ്ലിയു എസ് എൻ ടോയ്ലറ്റ് അനുവദിച്ചത് ശാരീരികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് ഏറെ പ്രയോജനമാണ്. ഈ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പൂർവ വിദ്യാർത്ഥികൾ, സ്റ്റാഫ്, നല്ലവരായ നാട്ടുകാർ, സ്ഥാപനം തുടങ്ങിയവർ അക്ഷീണം പ്രവർത്തിച്ചുവരുന്നു. 40 വർഷം മുൻപ് പ്രഥമ അധ്യാപികയായി വിരമിച്ച മറ്റം വടക്ക് കളിയ്ക്കൽ ശ്രീമതി മറിയക്കുട്ടി ജോണിന്റെ സ്മരണാർത്ഥം കുടുംബാംഗങ്ങൾ സ്കൂളിനായി സമർപ്പിച്ച ലൈബ്രറി സ്കൂളിന് മുതൽക്കൂട്ടാണ്. വിദ്യാലയത്തിന്റെ പുരോഗതിക്കായി പ്രവർത്തിച്ചിട്ടുള്ള എല്ലാ പ്രഥമ അധ്യാപകരെയും, അധ്യാപകരെയും, ജീവനക്കാരെയും നന്ദിയോടെ ഓർക്കുന്നു വിദ്യാഭ്യാസ വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനപ്രതിനിധികൾ തുടങ്ങിയവരുടെ സഹായങ്ങൾ വിദ്യാലയത്തിന്റെ അക്കാദവും, ഭൗതികവുമായ പുരോഗതിക്ക് കാരണമായി.

## സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

തഴക്കര പഞ്ചായത്തിൽ വിദ്യാർത്ഥികളുടെ എണ്ണം താരതമ്യേന കൂടുതലുള്ള വിദ്യാലയമാണിത്. അക്കാദമിക രംഗത്ത് കുറെ വർഷങ്ങളായി മികവ് പുലർത്തുന്നതോടൊപ്പം കുട്ടികളുടെ സർവ്വതോൻമുഖമായ ഉയർച്ചയെ ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുക, ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കള ഡൈനിങ് ഹാൾ തുടങ്ങിയവ സജ്ജീകരിക്കുക, എന്നിവ അത്യന്താപേക്ഷിതമാണ്.പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ അവസ്ഥ പഠനം നടത്തി അധിക സമയം കണ്ടെത്തി പരിഹാരബോധം നൽകി മുന്നില് അവരെ എത്തിക്കുക എന്ന പ്രവർത്തനം നടന്നുവരുന്നു. ലഹരിയുടെ ഉപയോഗം പുതിയ തലമുറയിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവക്കെതിരെയുള്ള മനോഭാവം വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകും. പരിസ്ഥിതി ക്ലബ്ബിന്റെ നേതൃതത്തിൽ ലഹരി വിരുദ്ധ ക്ലാസുകളും പ്രദർശനങ്ങളും സെമിനാറുകളും സംഘടിപ്പിക്കും. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നല്ല പഠനാന്തരീക്ഷം ഒരുക്കും. അവർക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കും. ഇവരുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കും. കലാകായിക പ്രവർത്തി പരിചയ മേഖലകളിൽ കുട്ടികൾക്ക് അവധിക്കാല പരിശീലനം നൽകും. രക്ഷിതാക്കളുടെ പങ്കാളിത്തം ഇതിൽ ഉറപ്പുവരുത്തും. എല്ലാ വെള്ളിയാഴ്ചയുംSRG കൂടുകയും കുട്ടികളുടെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും നടപ്പിലാക്കുകയും ചെയ്യുന്നു. ശുചിത്വബോധം കുട്ടികളിൽ വളർത്തിയെടുക്കുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും ചെയ്യും.സ്കൂളിൽ ശിശു

സൗഹൃദാന്തരീക്ഷം നിലനിൽക്കുന്നുണ്ടെങ്കിലും ആകർഷകമാക്കാനായി അനുകൂല സാഹചര്യങ്ങൾ ഒരുക്കി നടപ്പിലാക്കും. ചുരുക്കത്തിൽ നവീനവും ആധുനികവുമായ വിദ്യാഭ്യാസ പ്രക്രിയയിലൂടെ വരുംകാല തലമുറയെ സർഗാത്മകത, വിമർശനാത്മക ചിന്ത, ആ ജീവനാന്ത പഠന താൽപര്യം, അനുകമ്പ എന്നീ ഗുണങ്ങളുള്ള ആഗോള പൗരന്മാരാക്കി വളർത്തുന്ന കേന്ദ്രമാക്കി സ്കൂളിനെ മാറ്റും.

# മാതൃഭാഷ

## ആമുഖം

കുട്ടികൾ ഭാഷ പഠിക്കുകയല്ല സ്വാഭാവികമായി ആർജിക്കുകയാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഭാഷാപഠനം ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഭാഷ പ്രകടിപ്പിക്കുന്നത് വ്യവഹാര രൂപങ്ങളിലൂടെയാണ് എന്ന് തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങൾ ഒരുക്കിയിരിക്കുന്നു. ഭാഷാശേഷികൾ നേടാൻ സഹായകരമായ ഏത് സാമഗ്രികളിലും ഭാഷാ ക്ലാസിലെ പഠനസാമഗ്രികൾ ആയി മാറ്റി ആശയങ്ങളിലൂടെ അതിന്റെ ഘടകങ്ങളായ വാക്യങ്ങളിലേക്കും പദങ്ങളിലേക്കും അക്ഷരങ്ങളിലേക്കും പോകുന്ന സമീപനം സ്വീകരിച്ച് ഭാഷാ ക്ലാസുകളെ സർഗ്ഗാത്മകവും ജീവിതഗന്ധിയും ആയി തീർക്കുന്നു. സ്വതന്ത്ര്യ വായന, അർഥ്ദോല്പാദനം, സ്വതന്ത്ര വിചാരം എന്നിവയ്ക്ക് പ്രാധാന്യം നൽകി മുഴുവൻ കുട്ടികളെ ഭാഷണം, ലേഖനം, ചിത്രരചന, അഭിനയം തുടങ്ങിയ വിവിധ മാർഗങ്ങളിലൂടെ ആശയപ്രകടനം നടത്താനും തെറ്റ് കൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം

അക്കാദമി നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ലക്ഷ്യങ്ങൾ

1. കുട്ടികളിൽ അക്ഷരജ്ഞാനം ഉറപ്പിക്കുക
2.ചിഹ്നങ്ങൾ കൂട്ടക്ഷരങ്ങൾ ചില്ലുകൾ എന്നിവ ഉപയോഗിക്കുന്നതിനുള്ള പഠനാനുഭവങ്ങൾ നൽകുക
3.ചിത്ര വായനയിലൂടെ എഴുത്തിലേക്ക് നയിക്കുക
4.കുട്ടി വായന, അമ്മ വായന എന്നിവ പ്രോത്സാഹിപ്പിക്കുക
5. കുട്ടിയെഴുത്ത് പ്രോത്സാഹിപ്പിക്കുക.
6.ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തുക
7.കുട്ടിക്കവിതകൾ, കഥകൾ സ്വയം വായിച്ചു മനസ്സിലാക്കുന്നതിന്
8.വായന കാർഡ് കുട്ടി തനിയെ വായിക്കുന്നതിന്.
9.ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുന്നു
10.ഭാഷയുമായി ബന്ധപ്പെട്ട് സിഡിഐടിസി സാധ്യതകൾ എന്നിവ സജ്ജീകരിക്കുക

# പ്രവർത്തനങ്ങൾ
## പ്രീ ടെസ്റ്റ്

അക്ഷര കാർഡ്, ചിത്രങ്ങൾ എന്നിവ കാണിക്കുന്നു. കുട്ടികളെ കൊണ്ട് പറയിപ്പിക്കുന്നു. എഴുതിക്കുന്നു

## അക്ഷരം ഉറപ്പിക്കൽ

കുട്ടികൾക്ക് പരിചിതമായ വസ്തുക്കൾ, പക്ഷികൾ,പൂക്കൾ, മൃഗങ്ങൾ എന്നിവയുടെ കാർഡുകൾ നൽകുന്നു.കുട്ടികൾ അവയുടെ പേരുകൾ ചിത്രങ്ങളിലൂടെ നേരെ എഴുതുന്നു. ചാർട്ടിൽ ഏതാനും ജീവികളുടെ പേരുകൾ ചിഹ്നങ്ങൾ ചേർക്കാതെ എഴുതുന്നു. അത് കുട്ടികളെ കൊണ്ട് തന്നെ ആവശ്യമായ ചിഹ്നങ്ങൾ ചേർത്ത് എഴുതിക്കുന്നു. ശേഷം വായിപ്പിക്കുന്നു.

## ചിത്ര വായനയിലൂടെ എഴുത്ത്

1. പലതരം ജീവികളുടെ, പൂക്കൾ, വസ്തുക്കൾ തുടങ്ങിയവയുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ചു അവയുടെ പേരുകൾ എഴുതിപ്പിക്കുന്നു.
2. നല്ല രചനകൾ ഉൾപ്പെടുത്തി സ്കൂൾ കൈയെഴുത്ത് മാസിക തയ്യാറാക്കുക. കഥ പൂരണം,കവിത പൂരണം,പദപ്രശ്നം ഇവ മത്സരമാക്കി സംഘടിപ്പിക്കുക.
3. മലയാളത്തിളക്കം പരിപാടി ദൈനംദിന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക.
4. ക്ലാസ് റൂം പ്രവർത്തനങ്ങളിൽ എഴുത്തിനും കൂടുതൽ പ്രാധാന്യം നൽകുക.
5. പദക്കാർഡ്, അക്ഷരക്കാർക്ക് ഉപയോഗിച്ച വാചകങ്ങൾ എഴുതിക്കുന്നു.
6.വായന കാർഡ് നിർമ്മാണം (രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ) ശില്പശാല

## വായന പ്രോത്സാഹിപ്പിക്കൽ

1.എല്ലാ കുട്ടികളെയും നല്ല വായനക്കാർ ആക്കുന്നതിന് എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറികൾ സ്ഥാപിക്കുക. കുട്ടികളുടെ നിലവാരത്തിന് അനുയോജ്യമായ പുസ്തകങ്ങൾ സജ്ജീകരിക്കുക.
2. എല്ലാ കുട്ടികളും വായിച്ച് പുസ്തകങ്ങളുടെ

വായനക്കുറിപ്പുകൾ തയ്യാറാക്കുക.
3.വായനക്കുറിപ്പുകളുടെ മത്സരം നടത്തുക.
4. എല്ലാ ദിവസവും അസംബ്ലിയിൽ ഒരു പുസ്തകം പരിചയപ്പെടുത്തുക.ഇതിൽ എല്ലാ ക്ലാസ്സുകാരിയും പങ്കാളികളാക്കുക.
5. അസംബ്ലിയിൽ വാർത്ത വായിപ്പിക്കുന്നു.
6. പത്രകിിസ് എല്ലാദിവസവും ഉച്ചയ്ക്ക്.
7.എല്ലാ ക്ലാസിനും ഒരു പത്രം വീതം ഉറപ്പാക്കുക.
8. ക്ലാസ് പത്രം സ്കൂൾപത്രം ഇവ പ്രസിദ്ധീകരിക്കുക.
9. ക്ലാസ് പി.ടി.എയിൽ പുസ്തക പരിചയം
10. വായന മത്സരം സംഘടിപ്പിക്കുക, സമ്മാനങ്ങൾ നൽകുക.
11.വായന കാർഡുകളുടെ ഉപയോഗം.
12.വായന വാരാചരണം വായനശാലയുടെ പങ്കാളിത്തത്തോടെ നടത്തുക.
13 അമ്മ വായന പ്രോത്സാഹിപ്പിക്കുന്നതിന് ഒരു പുസ്തകം ആഴ്ചയിൽ ഒരിക്കൽ അമ്മയ്ക്ക് വായിക്കുന്നതിന് വീട്ടിൽ കൊടുത്തു വിടുക. അമ്മ വായനാ കുറുപ്പ് തയ്യാറാക്കുക. ഈ പ്രവർത്തനം തുടരുക.അമ്മ വായന മത്സരം നടത്തുക.
14.അമ്മ വായന, കുട്ടി വായന മത്സരം നടത്തുക.

## ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തുക

ക്ലാസ് ലൈബ്രറിയിൽ ലഘുവായനയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ വായന കാർഡുകൾ, ചിത്രകഥകൾ, കവിതകൾ എന്നിവ ശേഖരിച്ച് സജ്ജീകരിക്കുക. അത് ക്ലാസ്സിൽ തന്നെ വായിപ്പിക്കുക. ആഴ്ചയിൽ ഒരു പുസ്തകം വീതം നൽകി അത് വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കുക.

## ദിനാചരണവുമായി ബന്ധപ്പെട്ട് വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുക

ദിനാചരണവുമായി ബന്ധപ്പെട്ട് സാഹിത്യകാരന്മാരുടെയും മഹത് വ്യക്തികളുടെയും പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു. എഴുത്തുകാരെ പരിചയപ്പെടാൻ അവസരം ഒരുക്കുക, അഭിമുഖങ്ങൾ സംഘടിപ്പിക്കുക, ഭാഷയുമായി ബന്ധപ്പെട്ട് സി.ഡി പ്രദർശനം,വീഡിയോ ക്ലിപ്പുകൾ പ്രദർശിപ്പിക്കുക. സാഹിത്യകാരന്മാരെയും കവികളെയും അവരുടെ രചനകൾ പ്രദർശിപ്പിക്കുക.

- ഓൺലൈൻ പഠന സംവിധാനം കൂടി ഉൾപ്പെടുത്തി സമ്മിശ്ര പഠന രീതിയിലൂടെ കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് മാതാപിതാക്കളുടെ പൂർണമായ പിന്തുണ ഉറപ്പാക്കാൻ കഴിയുന്നു.
- അധ്യാപകർക്കും രക്ഷിതാക്കൾക്കും കുഞ്ഞുങ്ങൾക്കും ഏതുസമയത്തും വാട്ട്സ്ആപ്പ് കൂട്ടായ്മയിലൂടെ ക്രിയാത്മകമായി ചർച്ചയിലൂടെ പ്രശ്നപരിഹാരം നടത്താൻ കഴിയുന്നു

| | ലക്ഷ്യം | ക്ലാസ് /വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല |
|---|---|---|---|---|---|---|
| 1.<br>2.<br>3.<br>4.<br>5.<br>6.<br>7.<br>8.<br>9.<br>10.<br>11.<br>12.<br>13. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ ,അക്ഷരം ഉറപ്പിക്കൽ<br>ചിത്ര വായനയിലൂടെ വായന, എഴുത്ത്, ചിഹ്നങ്ങൾ, കൂട്ടക്ഷരങ്ങൾ ,ചില്ലുകൾ ഉറപ്പിക്കൽ.<br>കൂട്ടിവായന ,അമ്മവായന<br>കൂട്ടിയെഴുത്ത് പ്രോത്സാഹിപ്പിക്കൽ<br>കുട്ടിക്കവിതകൾ കഥകൾ കഥാപൂരണം , കവിതപൂരണം<br>ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തുക<br>കുട്ടി കവിതകൾ കഥകൾ വായിച്ചു മനസ്സിലാക്കുന്നതിന്.<br>വായന കാർഡ് നിർമ്മാണം<br>ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുന്നു<br>ഭാഷയുമായി ബന്ധപ്പെട്ട സി.ഡി,ഐ.സി.ടി സാധ്യതകൾ സജ്ജീകരിക്കുന്നു<br>വാട്സ്ആപ്പ് കൂട്ടായ്മകൾ<br>ക്ലാസ് ഗ്രൂപ്പുകൾ<br>ഓൺലൈൻ പഠന സാധ്യത | 1 മുതൽ 4 വരെ ക്ലാസുകൾ | 1 പ്രീടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ ചില്ലുകൾ ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിന് പദക്കാർഡ്, അക്ഷര കാർഡ്<br>3. ചിത്രവായന<br>4. മത കാർഡ് അക്ഷര കാർഡ് ഉപയോഗിച്ച് വാചകങ്ങൾ നിർമ്മിക്കുന്നു. വായിക്കുന്നു.<br>5. വായനകാർഡ് ഉപയോഗിച്ച് വായന പ്രോത്സാഹിപ്പിക്കുക.<br>6.വായനകാർഡ് നിർമ്മാണം രക്ഷിതാക്കളെ ഉൾപ്പെടുത്തി.<br>7.വായനമത്സരം വായനക്കുറിപ്പ് മത്സരം പത്രക്വസ് വാർത്തവായന.<br>8. ക്ലാസ് പത്രം, സ്കൂൾ പത്രം ഇവ പ്രസിദ്ധീകരിക്കുന്നു.<br>9. വായന മൂല ക്ലാസ് ലൈബ്രറി രൂപീകരണം കുട്ടികളുടെ ക്ലാസ് നിലവാരം അനുസരിച്ച്<br>10. എഴുത്തുകാരെ പരിചയപ്പെടുത്തുന്നു<br>11. സി. ഡി , ഐ .സി .ടി. സാധ്യത ഉപയോഗിക്കുന്നു<br>12. രക്ഷകർത്താക്കൾ ആവശ്യമായ നിർദ്ദേശങ്ങൾ അപ്പോൾ തന്നെ നൽകുന്നു<br>13. അധ്യാപകർ കുട്ടികളുമായി ഏത് സമയത്തും സംവദിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ പുസ്തകങ്ങൾ ,സ്കൂൾ ലൈബ്രറി, ഗ്രന്ഥശാല, പത്രങ്ങൾ ,പ്രസിദ്ധീകരണങ്ങൾ, കമ്പ്യൂട്ടർ, ലാപ്ടോപ്പ് , പ്രൊജക്ടർ | മോണിറ്ററിംഗ് പ്രധാനധ്യാപിക, അധ്യാപകർ ,എസ് .എം .സി, രക്ഷിതാക്കൾ MPTA |

# കലാവിദ്യാഭ്യാസം

1.ഓരോ ആഴ്ചയിലും ബാലസഭ നടത്തി കഴിവുള്ളവരെ കണ്ടെത്തുന്നു

2. ഓരോ ക്ലാസിലും കഴിവുള്ള കുട്ടികളെ തിരഞ്ഞെടുത്തു talent lab ഉണ്ടാക്കുന്നു

3. നൃത്തം, അഭിനയം ,ചിത്രരചന ഗാനാലാപനം, ലളിതഗാനം, മാപ്പിളപ്പാട്ട് തുടങ്ങി വ്യത്യസ്ത മേഖലകളിലെ കുട്ടികളെ ഗ്രൂപ്പുകൾ ആക്കുന്നു.

4. കഴിവുള്ള രക്ഷിതാക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹായത്താൽ പരിശീലനം നൽകുന്നു.

5 .ഐസിടി സാധ്യത ഉപയോഗിച്ച് അധ്യാപകർ പരിശീലനം നൽകുന്നു ക്യാമ്പ് നടത്തുന്നു.

6.ദിനാചരണങ്ങളോടനുബന്ധിച്ച് വിവിധ കലാ മത്സരങ്ങൾ നടത്തി കഴിവുകൾ പരിപോഷിപ്പിക്കുന്നു.

7. അസംബ്ലി , കോർണർ പി.ടി.എ, ബാലസഭ എന്നിവയിലൂടെ കഴിവു വികസിപ്പിക്കുന്നു

# ആരോഗ്യ കായിക വിദ്യാഭ്യാസം

## ആമുഖം

ജീവിതശൈലി രോഗങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ സ്കൂൾ പ്രായം മുതൽ കളികളും വ്യായാമത്തിനും പ്രാധാന്യം നൽകേണ്ടതുണ്ട്. ഓരോ കുട്ടിയുടെയും കായികക്ഷമത വികസിപ്പിക്കുന്ന തോടൊപ്പം ഈ മേഖലയിലെ പ്രതിഭകളെ കണ്ടെത്തേണ്ടതുണ്ട്.

1. വിദഗ്ദരുടെ പട്ടിക തയ്യാറാക്കി സേവനം പ്രയോജനപ്പെടുത്തുന്നു.

2. കുട്ടികളുടെ കായിക ക്ഷമത പരിശോധിച്ച താൽപര്യമേഖല കണ്ടെത്തുന്നു.

3.എല്ലാ കുട്ടികൾക്കും അവസരം ലഭിക്ക തക്കവിധം പ്രവർത്തന പദ്ധതി തയ്യാറാക്കൽ

4.ആവശ്യമായ ഉപകരണങ്ങൾ പട്ടികപ്പെടുത്തി സമാഹരിക്കൽ

5. സ്കൂൾ കോമ്പൗണ്ട് കുട്ടികളുടെ കായിക പരിശീലനത്തിന് അനുഗുണമാക്കൽ

6.സ്കൂൾ ഒളിമ്പിക്സ് ,എസ് എം സി യുടെ സഹായത്താൽ ഓണക്കാലത്ത് കായിക മത്സരം, നാടൻ കളി പരിശീലനം എന്നിവ സംഘടിപ്പിക്കും

7. സൂമ്പഡാൻസ് എന്നിവ എല്ലാ ആഴ്ചയിലും നടത്തുക

# പരിസരപഠനം

## ആമുഖം

ശാസ്ത്ര സാമൂഹ്യശാസ്ത്ര പഠനം കുട്ടിയുടെ പരിസരവുമായി ബന്ധിപ്പിച്ചെങ്കിൽ മാത്രമേ പരിസരപഠനത്തിന്റെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാനാവൂ. പരീക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടത്തുന്നതിനും പ്രകൃതി നിരീക്ഷണത്തിനും മറ്റുമുള്ള അവസരങ്ങൾ പരിസരപഠനത്തിന്റെ ഭാഗമായി ലഭിയ്ക്കണം. പരിസര പഠനം ഒരിക്കലും ക്ലാസ്മുറിയിൽ ഒതുങ്ങി നിൽക്കുന്നില്ല.അതിനാൽ വാതിൽപ്പുറ പഠനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതായുണ്ട്. പരിസര പഠനവുമായി ബന്ധപ്പെട്ട പ്രക്രിയാശേഷികൾ ഓരോ കുട്ടിയിലും വികസിക്കുന്നതിന് അനുയോജ്യമായ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പിന്നോക്കം നിൽക്കുന്നവരേക്കൂടി മുൻധാരയിലേക്ക് കൊണ്ടുവന്ന് വിദ്യാലയത്തെ മികവുറ്റതാക്കാൻ 2018-19 അദ്ധ്യയന വർഷത്തിൽ ഗവ.എൽ.പി.എസ് അറന്നൂറ്റിമംഗലം എസ്.എം.സി യുടേയും പി.റ്റി.എ യുടേയും എസ്.ആർ.ജിയുടേയും സഹകരണത്തോടെ ഏറ്റെടുക്കുന്ന ഒരു മഹായജ്ഞം.

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം ഇവ പരിപോഷിപ്പിക്കുക.
- കുട്ടികളിൽ ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
- സ്വായത്തമാക്കിയ അറിവ് ജീവജാലങ്ങളുടെ നൻമയ്ക്കായി വിനിയോഗിക്കാൻ പ്രാപ്തരാക്കുക.
- പഠനത്തെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തുക
- വ്യക്തിശുചിത്വം, സാമൂഹിക ശുചിത്വം ഇവ പാലിച്ചു കൊണ്ട് ശാരീരിക- മാനസിക ആരോഗ്യം കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
- കൃഷിയറിവുകൾ നേരനുഭവങ്ങളിലൂടെ നൽകുക
- സസ്യ സംരക്ഷണം തന്റെ ഉത്തരവാദിത്വമാണെന്ന് ബോധ്യപ്പെടുത്തുക.
- പരിസ്ഥിതി പ്രശ്നങ്ങളിൽ ഇടപെട്ടു കൊണ്ടുള്ള പഠനം സാധ്യമാക്കുക.
- പഴമയുടെ നന്മ കുട്ടികളെ ബോധ്യപ്പെടുത്തുക.
- സ്കൂളിലെ മുഴുവൻ കുട്ടികളേയും പരീക്ഷണങ്ങളിൽ ഏർപ്പെടുത്തി കുട്ടി ശാസ്ത്രജ്ഞന്മാരെ വളർത്തിയെടുക്കുക.

- പുസ്തകം, മാസികകൾ, ഐ.സി.റ്റി ഇവ ഉപയോഗിക്കാനുള്ള സൗകര്യം ഒരുക്കുന്നു.ശേഖരിച്ച വിവരങ്ങൾ പതിപ്പുകളാക്കുന്നു.ഔഷധ സസ്യങ്ങളെ തിരിച്ചറിയാനായി ഫീൽഡ് ട്രിപ്പുകൾ നടത്തുന്നു.ഔഷധകൃഷിയുടെ സാധ്യതകൾ സമൂഹത്തിലെത്തിക്കാൻ ലഘുലേഖ ഇറക്കുന്നു.
- പ്ലാസ്റ്റിക് വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. പേപ്പർ ബാഗ്, പേന, തുണി സഞ്ചി ഇവ നിർമ്മിക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകുന്നു.പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രകൃതിയിലേക്ക് വലിച്ചെറിയുന്നതിന് പകരം അതിന്റെ പുനരുപയോഗ സാധ്യതകൾ കണ്ടെത്തുന്നതിന് കുട്ടികൾക്ക് ക്ലാസുകൾ നൽകുന്നു. കാമ്പസും ,വീടും പ്ലാസ്റ്റിക് വിമുക്തമായി സൂക്ഷിക്കാനുള്ള പരിശീലനം നൽകുന്നു.പ്ലാസ്റ്റിക്- നാശമില്ലാത്ത ഭീകരൻ ലഘുലേഖ വിതരണം ചെയ്യുന്നു
- സാമൂഹ്യ പുരോഗതിയിൽ തനിക്ക് തന്റേതായ പങ്കുവഹിക്കാനുണ്ടെന്ന് കുട്ടിയെ ബോധ്യപ്പെടുത്താൻ സ്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശത്തെ പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കുട്ടികളെ പങ്കാളികളാക്കുന്നു. പ്രദേശത്തെ വലിയൊരു പ്രശ്നമായ ജലക്ഷാമം പരിഹരിക്കുവാൻ വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നു. മരം നട്ടുപിടിപ്പിക്കൽ, മരക്കുഴി നിർമ്മാണം, കുന്നുകൾ, വയലുകൾ, തണ്ണീർത്തടങ്ങൾ, കാവുകൾ തുടങ്ങിയവയുടെ സംരക്ഷണം ഈ പ്രശ്നത്തിന്റെ പരിഹരണത്തിന് അത്യാവശ്യമാണെന്ന് ജനങ്ങളെ ബോധവത്കരിക്കാൻ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. അവശ്യം വേണ്ട ഇടങ്ങളിൽ പോസ്റ്ററുകൾ സ്ഥാപിക്കുന്നു. പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങൾ കുട്ടികൾക്കിഷ്ടമുള്ള രീതിയിൽ ആവിഷ്കരിക്കാൻ അവസരം നൽകുന്നു.
- സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ആഴ്ചയിലൊരിക്കൽ ഏതെങ്കിലുമൊരു പരീക്ഷണം ചെയ്യാൻ അവസരം ഒരുക്കുന്നു. പരീക്ഷണ സാമഗ്രികൾ അതതു ക്ലാസിലെ സയൻസ് കോർണറിൽ ഒരുക്കുന്നു. കുട്ടികൾ തനിയെ പരീക്ഷണം ചെയ്യുന്നു. പരീക്ഷണത്തിന്റെ പേര്, പരീക്ഷണ രീതി, തത്വം ഓരോ കുട്ടിയും എഴുതി സൂക്ഷിക്കുന്നു.എല്ലാ മാസവും അവലോകനം നടത്തി മികവുകളും പോരായ്മകളും കണ്ടെത്തി പരിഹാര ബോധനം നടത്തുന്നു. പി.റ്റി.എ യിൽ പരീക്ഷണത്തിലൂടെ കുട്ടികൾ നേടുന്ന മികവുകളേക്കുറിച്ചും ഇതിനായി രക്ഷിതാക്കൾ നൽകേണ്ട പിന്തുണയേക്കുറിച്ചും വിശദീകരിക്കുന്നു.ഓരോ കുട്ടിക്കും ഒരുശാസ്ത്ര കിറ്റുണ്ടാവണമെന്ന് നിർദ്ദേശിക്കുന്നു.ഏറ്റവുമധികം പരീക്ഷണങ്ങൾ മികവോടെ ചെയ്ത കുട്ടിക്ക് കുട്ടി ശാസ്ത്രജ്ഞൻ അവാർഡ് നൽകുന്നു.പഴമയുടെ നൻമ കുട്ടികളെ ബോധ്യപ്പെടുത്താനായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. നാടൻകളികളുടെ അവതരണം സംഘടിപ്പിക്കുന്നു. നാടൻപാട്ടുകളുടെ ശേഖരണവും, അവതരണവും നാടൻപാട്ട് കലാകാരൻമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. നാടൻ ഭക്ഷ്യമേള സംഘടിപ്പിക്കുന്നു. നാടൻ വീട്ടുപകരണ പ്രദർശനം സംഘടിപ്പിക്കുന്നു.ഐ.സി.റ്റി ഉപയോഗിച്ച് നാടൻ കലാരൂപങ്ങൾ പരിചയപ്പെടുത്തുന്നു. നാടൻ കളിയുപകരണങ്ങൾ നിർമ്മിക്കുന്നു.

- കുട്ടികൾക്ക് നേരനുഭവങ്ങളൊരുക്കുന്ന പഠനയാത്രകൾ സംഘടിപ്പിക്കുക. പഠന നേട്ടങ്ങൾ ആർജ്ജിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം പഠനയാത്രയ്ക്കായി തിരഞ്ഞെടുക്കുന്നു.

## അക്കാദമിക് മാസ്റ്റർ പ്ലാൻ

| ക്രമ നം | ലക്ഷ്യം | ക്ലാസ്/ വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല/ മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1. | പരിസര പഠനവുമായി ബന്ധപ്പെട്ട പ്രക്രിയാ ശേഷികൾ ഓരോ കുട്ടിയിലും വികസിപ്പിക്കുക. | 1 മുതൽ 4 വരെ | • പരിസ്ഥിതിക്ലബ്<br>• സയൻസ് കോർണർ | ജൂൺ മുതൽ മാർച്ച് വരെ | | ഹെഡ്മിസ്ട്രസ് |
| | | | • ശാസ്ത്രരംഗം | | പുസ്തകങ്ങൾ, ലൈബ്രറി ചിത്രങ്ങൾ ,ഉപകരണങ്ങൾ | ഹെഡ്മിസ്ട്രസ് |
| | | | • ഔഷധത്തോട്ട വിപുലീകരണം | | പുസ്തകങ്ങൾ,മാസികകൾ,ഐ.സി.റ്റി | ഹെഡ്മിസ്ട്രസ് |
| | | | • പ്ലാസ്റ്റിക് വിമുക്ത കാമ്പസ് | | അധ്യാപകർ, പി.റ്റി.എ, കുട്ടികൾ | ഹെഡ്മിസ്ട്രസ് |
| | | | • കുട്ടിശാസ്ത്രജ്ഞൻ | | എല്ലാ അധ്യാപകരും | ഹെഡ്മിസ്ട്രസ് |
| | | | • പഴമയുടെ നൻമ | | അധ്യാപകർ, പി.റ്റി.എ, | ഹെഡ്മിസ്ട്രസ് |
| | | | • പഠനയാത്ര<br>• ചെറിയ ശാസ്ത്ര പരീക്ഷണങ്ങൾ | മാർച്ച് | ചുമതലയുള്ള അധ്യാപകൻ | ഹെഡ്മിസ്ട്രസ് |

അവതരണം

# ENGLISH

## INTRODUCTION

English is the international language. It has an important role in the recent world. Through English we can enter into the world of knowledge. So in the primary level itself a child should learn the language along with his mother tongue. Students need to practice English every day. So that they can master it very well. Now a days communication in English, acquiring language abilities such as reading and writing in English are very essential. So the learning activities must help the learners to secure all the learning outcomes. The activities must be inclusive. It is also for slow pace learners. Learning outcomes can be achieved in a short term as well as in long learn. By doing so many activities ,child can connect his world to the language and enable him to go beyond the English world.ICT possibilities gives more creative opportunity .It lightens the curiosity of the learners .It will develop an internet in leaving English language.

## AIMS

- To develop the communicate English skill among the children at elementary level.
- To develop creative writing skill among the children.
- To develop theatre as an effective tool in English class room.
- To avoid fear towards English language among children.
- To make English atmosphere in the school premise.
- To create different situations to communicate the language outside the classroom
- To convince the language proficiency of children to the society through various methods.
- To find different activities to make learning process simple, attractive and interesting.
- To ensure that all the children gained learning at comes.

# ACTIVITES

- English profile for all children after pre test.
- Class library including English books.
- Conducting English quiz in every month.
- English Assembly twice in a month.
- Making the English notebooks attractive and colorful.
- Arrange facility to read English newspaper.
- Ensuring the usage of ICT
- Conducting English Fest
- Diary writing in English.
- Activation of English club in an effective manner including language games.
- Conducting role play, skit, drama, choreography, and riddles.
- Making worksheet for different categories(Gifted, slow learners etc)
- Provide English atmosphere through conversation and English day celebration.
- Making hand written Magazine. and E Magazine
- English corner
- Usage of dictionary and making dictionary.

# YEAR PLAN

| Activity | Details | Time | Responsible person/Finance/ Monitoring |
|---|---|---|---|
| English Profile | After pre-test,<br>Children filling up personal profile in the diary. Name, class, school name, Address, Parent's name, Occupation , Ph.No | June | Class Teachers |
| Class library of Eng. books | Arranging the Eng books in every class so that all could refer the books early | From June onwards | Class Teacher/SMC/HM |
| English Quiz in every month. | 20 questions for each quiz to understand GK and spelling of familiar Eng. words | June onwards | English club/HM |
| English Assembly | Conducting English assembly an everyday prayer, | Twice a month up to march | Class Teacher/HM |
| Attractive English note books | Making the Eng notebooks attractive and colorful by drawing pictures related to the lesson and writing sentences and improve their vocabulary. | June onwards. | Class Teacher/English Teacher/HM |
| English News paper reading | Introducing times of India and Indian express or Hindu and ensuring the reading habit of children. | June to March | English club/ SMC/HM |
| Use of ICT | With the help of ICT , we can make familiar many vocabulary to children doing the English activities related with letters, words, etc. doing worksheet showing different stories, cartoons, skits, rhymes etc | June to March | English Teacher/HM/ SMC |
| English Fest | Presentation of English programmes after practicing well to the society. It includes drama, skit, role-play, rhymes, speeches, storytelling, etc | February | English club/all Teachers/ SMC/HM |
| Diary Writing | Practicing diary writing in English in important days, including reports, news report, description etc | June to March | English Teacher/ HM |
| English club | Selecting leaders and form the English club. They take initiative for the activities planned earlier. | June onwards | English Teacher/ SMC/HM |
| Role-play, Skit, drama, choreography, riddles | Class room activity prepares conversation according to the class level using TB or daily life situations. | June onwards | English Teacher/ SMC/PTA/HM |
| work sheets | Makings worksheets including<br>a, Missing letters eg: m- n-o (a,g)<br>b ,Adding more lines.<br>c, Making sentences – Distributions word cards in groups and let them to make a meaningful sentences. Then individually<br>eg: am a boy good I<br>I am a good boy<br>d, Sentences strips- arranging in proper order<br>e, Concept mapping – word web formation<br>f, **Description** –This is a continuous activity of concept mapping .First oral description and | From June to march after each lesson | English Teacher/ SMC/HM |

| | | | |
|---|---|---|---|
| | then writing. | | |
| English day celebration | Let the children and Trs speak only in English, so that they could improve their communicative skills and vocabulary. They will acquire fluency in English | Twice in every month | English club/All teachers Hm and staff. |
| Magazine | Making a hand written magazine for the school collections articles from all class after editing make a magazine including pictures, description, rhymes, stories, thoughts, diary, skit, songs, conversation, speeches, news etc | February | English club/ SMC/PTA/HM |
| English corner | Different activities such as<br>**a, cut and paste spelling game**<br>Give each student a page from newspaper and ask them to cut out letters from headlines, advertisement and other big lettered text.<br>Let them make word they are familiar with. Those who make more words will be the winner.<br>**b, back to back spelling game**<br>Children divided into pairs. each one writes the given word on the other student's back with a finger. The partner must find out what word the other one has written just by guessing and thinking about how the letters are being formed. After finding out the word ,the partner has to say the word aloud and repeating the game.<br>**c, Erasing word game**<br>write 10 words in BB that they studied earlier. Give the clans a minute to memories it in their mind. Then point out one word and erase it. Let them write it in note book. Do until all the words cover. Check the spelling, and find the winner.<br>**d, words beginning with game**<br>Divide them into groups .Give a letter and asks them to write as many words as they can that begin with the letter. With in 2 minutes .Ask each group to read out.Their words with spelling .Each correct word get one point and find the winner. | once in every month | English club/ HM |
| Dictionary usage and meaning | Let the pupils use the dictionary and find out the word meanings of new words | After each lesson | English Teacher/SMC/HM |

# ഗണിതം മധുരം

## ആമുഖം

ഗണിതമില്ലാത്ത ജീവിതമില്ല. കുട്ടികൾക്ക് നിത്യജീവിതത്തിൽ അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഗണിതത്തെ തൊട്ടറിയാനും ഇഷ്ടപ്പെടാനും ആസ്വദിക്കാനുമുള്ള അവസരം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. മുഴുവൻ കുട്ടികളെയും ഗണിതത്തിൽ താല്പര്യമുള്ളവരാക്കുക, കുസൃതി കണക്കുകൾ, ഗണിത ലാബ്, ഗണിത മാഗസിൻ, നിർമ്മിതികൾ എന്നിവയിലൂടെ ശേഷികൾ നേടുക. അവരെ ഉയർന്ന നിലവാരത്തിലെത്തിക്കുക എന്നത് ഓരോ സ്കൂളിന്റെയും ലക്ഷ്യമാണ്.അതിന് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സഹായിക്കട്ടെ.

## ലക്ഷ്യങ്ങൾ

- എല്ലാവരിലും സംഖ്യാ ബോധം ഉറപ്പിക്കൽ
- ആസ്വാദ്യകരമായ രീതിയിൽ ഗണിത കളിയിൽ ഏർപ്പെടൽ.
- ഗണിതം മധുരമാക്കൽ
- ഗണിത ക്രിയകൾ ഉറപ്പിക്കൽ
- ഗണിത ലാബ് സജ്ജീകരണം
- ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടൽ
- ഗണിതം ലളിതമാക്കാനുള്ള തന്ത്രം കണ്ടെത്തൽ
- ചുമർപത്രിക നിർമ്മാണം
- പസിൽസ്, ഗെയിമുകൾ എന്നിവ തയ്യാറാക്കൽ
- ഗണിത മാഗസിൻ നിർമ്മാണം
- ശാസ്ത്രമേളയിലെ ഇനങ്ങൾ തയ്യാറാക്കൽ പരിശീലനം
- ഗണിതശില്പശാല
- ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ

| നം | ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | സമയം | ചുമതല/സാമ്പത്തികം /മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1. | ഗണിതം മധുരം | 1 മുതൽ 4 വരെ | 1. പ്രീടെസ്റ്റ്<br>2. സംഖ്യാബോധം<br>3. ക്രിയകൾ ഉറപ്പിക്കൽ<br>4. സംഖ്യാകാർഡുകൾ<br>5. സംഖ്യാകാർഡുകൾ<br>6. ചോദ്യനിർമ്മാണം<br>7. മാന്ത്രികക്കളം<br>8. ഊഹിച്ചുപറയൽ<br>9. പാറ്റേൺ കണ്ടെത്തൽ<br>10. ഗണിതമേള, ശില്പശാല<br>11. ഗണിത കിറ്റ് ഉപയോഗം<br>12. ജ്യാമിതീയ രൂപ നിർമ്മാണം<br>13. പ്രായോഗിക പ്രശ്ന നിർധാരണം<br>14. കലണ്ടർ നിർമ്മാണം<br>15. ഗണിത കേളികൾ, ഗണിത പയറ്റ്<br>16. ഗണിത ക്വിസ്<br>17.ഗണിതക്ലബ്, ഗണിത മാഗസിൻ<br>18. ഐ.സി.റ്റി. സാധ്യത | 6 മാസം | ഗണിതാധ്യാപകർ/എസ്.എം.സി, പൂർവ്വ വിദ്യാർത്ഥികൾ,എച്ച്.എം |

# പ്രവർത്തനങ്ങൾ

## പ്രീടെസ്റ്റ്

പ്രീടെസ്റ്റ് നടത്തി നിലവാരം മനസ്സിലാക്കുന്നു.പിന്നോക്കക്കാരെ കണ്ടെത്തുന്നു.

## സംഖ്യാബോധം ഉറപ്പിക്കൽ

സംഖ്യകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിച്ച് ഒന്നിനും നൂറിനും ഇടയിലുള്ള ഇരട്ട സംഖ്യകളെയും ഒറ്റസംഖ്യകളെയും പരിചയപ്പെടുന്നതിന് 20 സംഖ്യകൾ ഉപയോഗിച്ച് കളികളിലേർപ്പെടുന്നു.

ഉദാഹരണം , 1,3,5,7,9,11,..........19

2,4,6,8,10,12,............20.

## ക്രിയകൾ ഉറപ്പിക്കൽ

സംഖ്യാ കാർഡുകൾ, സംഖ്യാചക്രം, ചിത്രങ്ങൾ, മൂർത്ത വസ്തുക്കൾ,ചിഹ്നകാർഡുകൾ, അകക്കളം, സംഖ്യാബോർഡുകൾ, എന്നിവയുടെ സഹായത്താൽ ഗണിത ക്രിയകൾ ഉറപ്പിക്കുന്നു.

## മൂർത്ത വസ്തുക്കളിലൂടെയുള്ള പഠനം

കുട്ടികൾക്ക് സുപരിചിതമായ വസ്തുക്കൾ (കല്ല്, മഞ്ചാടി, സോഡാമൂടി, പുളിക്കുരു,ഈർക്കിൽ, ഐസ്ക്രീം സ്പൂൺ)ഉപയോഗിച്ചു കൊണ്ട് ഗണിത ക്രിയകൾ ഉറപ്പിക്കൽ.

## ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ

നിത്യോപയോഗ വസ്തുക്കളിൽ നിന്ന് ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ കാർഡ് ബോർഡ്, ഈർക്കിൽ തുടങ്ങി അനേകം വസ്തുക്കൾ ഉപയോഗിച്ചു ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ.

## കലണ്ടർ നിർമ്മാണം

കലണ്ടറിലെ വിട്ടുപോയ സംഖ്യകൾ കണ്ടെത്തൽ, കലണ്ടർ നിർമ്മിക്കൽ.

## കുസൃതിക്കണക്ക്

ധാരാളം കുസൃതിക്കണക്കുകൾ കണ്ടെത്തൽ, ഉത്തരം കണ്ടെത്തൽ.

## ഗണിതകിറ്റ്

ഗണിതകിറ്റിലെ സാമഗ്രികളുടെ സഹായത്താൽ ഗണിതപഠനം രസകരമാക്കുന്നു.ഗണിത ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ പരിചയപ്പെടുന്നു.

## ഗണിതക്ലബ്ബ്

ഗണിത ക്ലബ് രൂപീകരിച്ച് പ്രവർത്തനങ്ങൾ ചെയ്യിക്കൽ, ഗണിതക്വിസ് നടത്തൽ .ഗണിതകേളികൾ അവതരിപ്പിക്കൽ.

## ഗണിത ശില്പശാല

ഗണിത പഠനോപകരണങ്ങളുടെ നിർമ്മാണം.

## ഗണിത മാഗസിൻ

കുട്ടികളുടെ ഉൽപന്നങ്ങൾ ചേർത്ത് മാഗസിൻ തയ്യാറാക്കി ഗണിത ശാസ്ത്രമേളയിൽ പ്രദർശിപ്പിക്കുന്നു.ഐ.സി.റ്റി സാധ്യത ഉപയോഗിക്കൽ.

## ഗണിതപ്പയറ്റ് നടത്തൽ

കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് ഇരു ഗ്രൂപ്പുകളും ചോദ്യം ചോദിച്ച് ഉത്തരം പറയുന്നു.

## മാന്ത്രികക്കളം പൂർത്തിയാക്കൽ

മാന്ത്രിക ചതുരം നൽകി ഒഴിഞ്ഞകളത്തിലെ സംഖ്യകൾ കണ്ടെത്തൽ.

## ഊഹിച്ചു പറയൽ

ഇടയിലുള്ള സംഖ്യകൾ എത്ര, കൂടുതൽ എത്ര, കുറവ് എത്ര, അളവ് എത്ര എന്നെല്ലാം ഊഹിച്ചു പറയൽ.

## പാറ്റേൺ കണ്ടെത്തൽ

സംഖ്യാ പാറ്റേൺ നിർമ്മിക്കുന്നു.മാതൃക നോക്കി പുതിയ പാറ്റേൺ കണ്ടെത്തുന്നു.

## ഗണിതമേള

ഗണിത ശാസ്ത്ര മേളയിൽ ക്വിസ്, ജ്യാമിതീയ രൂപ നിർമ്മിതി, പസ്സിൽസ്, മാഗസിൻ എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിക്കൽ, പരിശീലനം നൽകൽ.

## എൽ.എസ്.എസ് പരീക്ഷ

## പ്രവർത്തനങ്ങൾ

- പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് ക്ലാസ്റൂം പ്രവർത്തനങ്ങൾ.
- 4-ാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും എല്ലാ വിഷയങ്ങൾക്കും എ ഗ്രേഡ് ലഭിയ്ക്കുന്നതിനാവശ്യമായ പഠന പ്രവർത്തനങ്ങൾ നൽകുന്നു.മൂല്യനിർണ്ണയം നടത്തുന്നു.

## പ്രത്യേക പരിശീലനങ്ങൾ

തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് രാവിലെയും വൈകിട്ടും പ്രത്യേക പരിശീലനം നൽകുന്നു.അധ്യാപകരെ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ ചുമതലപ്പെടുത്തുന്നു.

## വിദഗ്ദരുടെ ക്ലാസുകൾ

വിവിധ മേഖലയിലെ വിദഗ്ദരുടെ സഹായം ഉറപ്പാക്കി ശില്പശാലകൾ നടത്തുന്നു.

## മികച്ച റഫറൻസ് ഗ്രന്ഥങ്ങൾ ലഭ്യമാക്കൽ

മലയാളം, ഗണിതം, പൊതു വിജ്ഞാനം, ഇംഗ്ളീഷ് എന്നിവയ്ക്കാവശ്യമായ പുസ്തകങ്ങളും അനുബന്ധ സാമഗ്രികളും ശേഖരിച്ച് കുട്ടികൾക്ക് നൽകുന്നു.

## മാതൃകാ പരീക്ഷകൾ

ഐ.സി.റ്റി ഡാധ്യത പ്രയോജനപ്പെടുത്തി മാതൃകാ പരീക്ഷ നടത്തി പോരായ്മകൾ പരിഹരിക്കുന്നു.

## രക്ഷിതാക്കൾക്ക് ബോധവൽക്കരണം

എൽ.എസ്.എസ് പരീക്ഷയെക്കുറിച്ചും പഠന രീതി, പിന്തുണാ പ്രവർത്തനങ്ങൾ എന്നിവ ബോധ്യപ്പെടുത്തുന്നു.

| നം | ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | സമയം | ചുമതല/സാമ്പത്തികം/മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1. | എൽ.എസ്.എസ് പരീക്ഷാ പരിശീലനം | 4-ാം ക്ലാസ് | 1. പരമാവധി കുട്ടികളെ പരീക്ഷയിൽ പങ്കെടുപ്പിക്കാനുള്ള ക്ലാസ്റൂം പ്രവർത്തനങ്ങൾ.(എല്ലാ വിഷയങ്ങൾക്കും എ ഗ്രേഡ്).<br>2. പ്രത്യേക പരിശീലനങ്ങൾ<br>3.വിദഗ്ദ്ധരുടെ ക്ലാസുകൾ<br>4. മികച്ച റഫറൻസ് ഗ്രന്ഥങ്ങൾ ലഭ്യമാക്കൽ<br>5. ഐ.സി.റ്റി സാധ്യത പ്രയോജനപ്പെടുത്തി മാതൃകാ പരീക്ഷകൾ<br>6.രക്ഷിതാക്കൾക്ക് ബോധവൽക്കരണം | സെപ്റ്റംബർ മുതൽ ജനുവരി വരെ | എസ്.ആർ.ജി കൺവീനർ, 4-ാം ക്ലാസ് അധ്യാപകൻ, എസ്.എം.സി/ എച്ച്.എം |

# പ്രവർത്തനങ്ങൾ

## ഡ്രൈ ഡേ

എല്ലാ തിങ്കളാഴ്ചയും ഡ്രൈഡേ ആയി ആചരിക്കുന്നു.സ്കൂളും പരിസരവും നിരീക്ഷിച്ച് ചിരട്ട, പ്ലാസ്റ്റിക്ക് കുപ്പി, തുടങ്ങിയ വെള്ളം കെട്ടിനിൽക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കി കൊതുക് വളരാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കി കൊതുക് വളരാനുള്ള അവസരം ഇല്ലാതാക്കുന്നു.3,4, ക്ലാസ്സുകളിലെ കുട്ടികൾ ഈ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നു.

## ക്ലാസ്സ് റൂം വൃത്തിയാക്കൽ

ഇത് ഓരോ ക്ലാസ്സിലും ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടക്കുന്നു.ഓരോ ഗ്രൂപ്പിനും ദിവസം ക്രമീകരിച്ച് നൽകുന്നു.ദിവസേന അല്പസമയം ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ശുചിത്വസേന

സ്കൂളിലെ എല്ലാ കുട്ടികളും ശുചിത്വസേനയിലെ അംഗങ്ങളായിരിക്കും.4,3, ക്ലാസ്സുകളിൽ നിന്നും ലീഡർ, ഡെപ്യൂട്ടിലീഡർ, എന്നിങ്ങനെ ഓരോ കുട്ടികളെ തെരഞ്ഞെടുക്കുന്നു.ഇവരുടെ നേതൃത്വത്തിൽ 4 ഗ്രൂപ്പായി തിരിഞ്ഞ് ശുചിത്വപ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നു.

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | കാലയളവ് | ചുമതല |
| --- | --- | --- | --- |
| അടുക്കളയും പരിസരവും ശുചിയാക്കൽ | അടുക്കള, പരിസരം,പാത്രങ്ങൾ, കുടിവെള്ള സംവിധാനം ഇവ വൃത്തിയായി സൂക്ഷിക്കുക | മെയ് അവസാനം വരെ | പാചകത്തൊഴിലാളി |
| ഉച്ചഭക്ഷണ കമ്മറ്റി രൂപീകരണം | വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശാനുസരണമുള്ള അംഗങ്ങളെ തിരഞ്ഞെടുത്ത് കമ്മറ്റി രൂപീകരിക്കുന്നു | ജൂൺ ആദ്യ വാരം | ഹെഡ്മിസ്ട്രസ് |
| പോഷക സമൃദ്ധമായ ഭക്ഷണം ഉറപ്പു വരുത്തൽ | ആവശ്യമായ അരി, പലവ്യഞ്ജനങ്ങൾ, പാൽ,മുട്ട എന്നിവ യഥാ സമയങ്ങളിൽ ലഭ്യമാക്കൽ | അക്കാദമിക വർഷം മുഴുവൻ | ഗവൺമെന്റ്/ ഹെഡ്മിസ്ട്രസ് |
| ഉച്ചഭക്ഷണ വിതരണം | ഓരോ ദിവസവും ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള ചുമതല അദ്ധ്യാപകർക്ക് വീതിച്ചു നൽകുന്നു.എല്ലാ ദിവസവും ഉച്ചയ്ക്ക് 12.45 ന് ഭക്ഷണ വിതരണം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ചുമതലയുള്ള അധ്യാപകൻ |
| മുട്ട, പാൽ വിതരണം | എല്ലാ ബുധനാഴ്ചകളിലും പുഴുങ്ങിയ മുട്ടയും ചൊവ്വ, വെള്ളി ദിവസങ്ങളിൽ തിളപ്പിച്ചാറ്റിയ പാലും വിതരണം ചെയ്യുന്നു. | | |

## മാലിന്യ മുക്ത കാമ്പസ്

സ്കൂൾ കാമ്പസ് ഏറ്റവും വൃത്തിയായും വെടിപ്പായും സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കുന്നു. കുട്ടികളുടേയും അദ്ധ്യാപകരുടേയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ പ്ലാസ്റ്റിക് രഹിത, മാലിന്യമുക്ത കാമ്പസായി സ്കൂൾ കാമ്പസ് സംരക്ഷിക്കപ്പെടുന്നു. പി.റ്റി.എ, എം.പി.റ്റി.എ എന്നിവരുടെ സഹകരണത്തോടെ സ്കൂൾ കാമ്പസ് ശുചിത്വമുള്ളതും മനോഹരവുമായ കാമ്പസായി തുടർന്നും നിലനിർത്തും.

## ഉച്ചഭക്ഷണ പരിപാടി

ഒരു വ്യക്തിയുടെ പ്രാഥമിക ആവശ്യങ്ങളാണ് ആഹാരം, വസ്ത്രം, പാർപ്പിടം, എന്നിവ. പോഷക സമൃദ്ധമായ ആഹാരം ആരോഗ്യം വർദ്ധിപ്പിക്കും. ആരോഗ്യമുള്ള കുട്ടികൾക്കു മാത്രമേ പഠനത്തിൽ ശ്രദ്ധിക്കാൻ സാധിക്കുകയുള്ളു.നല്ല വിദ്യാഭ്യാസത്തോടൊപ്പം നല്ല ഭക്ഷണം ഉറപ്പാക്കുന്ന ഇടം കൂടിയായി വിദ്യാലയം മാറിയിരിക്കുന്നു.വിഭവ സമൃദ്ധമായ ഉച്ചഭക്ഷണത്തിനു പുറമേ പാൽ, മുട്ട, കുടിക്കാൻ ശുദ്ധജലം തുടങ്ങിയവ വിദ്യാലയത്തിൽ കുട്ടികൾക്ക് ലഭ്യമാക്കുന്നു.

## ഉദ്ദേശ്യങ്ങൾ

- അർഹരായ മുഴുവൻ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകുക
- പോഷകസമൃദ്ധമായ ആഹാരം ഉറപ്പു വരുത്തുക.
- വൃത്തിയുള്ള അന്തരീക്ഷത്തിൽ ഉച്ചഭക്ഷണം തയ്യാറാക്കി നൽകുക.
- രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക.

## കുട്ടികളിൽ വികസിക്കേണ്ട പൊതു ധാരണകൾ

1. സ്കൂളിനെ അറിയൽ നിരീക്ഷിക്കൽ

a. സ്കൂളും പരിസരവും നിരീക്ഷിക്കൽ
b. ടോയ്ലറ്റ് 1. ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
c. മാലിന്യ സംസ്കരണ സംവിധാനം
d. പൂന്തോട്ടം, അടുക്കളത്തോട്ടം, ജൈവ വൈവിധ്യ ഉദ്യാനം
e. ലൈബ്രറി, ലബോറട്ടറി
f. അടുക്കള
g. അപകടസാധ്യതകൾ
h. സൂചന ബോർഡുകൾ
സ്കൂളിനെയും,കാമ്പസിനെയും എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താമെന്ന ബോധം നിരീക്ഷണത്തിന് പുറമേ ചർച്ച കുറിപ്പ് തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടിയിൽ സൃഷ്ടിക്കുന്നു.

2. റോഡ് നിയമങ്ങൾ

വിവിധ ഗതാഗത സംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ അനുവർത്തിക്കേണ്ട നിയമങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ കുട്ടികൾക്കുണ്ടാവണം. അപകടങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലത്ത് അപകടങ്ങളും അപകട മരണ ങ്ങളും കുറച്ചു കൊണ്ടുവരാൻ കുട്ടികൾക്ക് ലഭിക്കുന്ന അവബോധം പ്രയോജനം ചെയ്യും.
ചർച്ച, മോക് ഡ്രിൽ, ബോധവൽക്കരണ ക്ലാസ്,റോഡ് നിയമങ്ങൾ ചാർട്ട് തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികൾ പാലിക്കേണ്ട കാര്യങ്ങൾ, ആർജിക്കേണ്ട ശേഷികൾ, ഉണ്ടാകേണ്ട തിരിച്ചറിവുകൾ എന്നിവ അവരിൽ ഉറപ്പിക്കും

3. വ്യക്തി ശുചിത്വം, പരിസര ശുചിത്വം

വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവക്ക് പ്രാധാന്യം നൽകുകയും സ്ഥായിയായി നിലനിൽക്കുന്നതിനുള്ള മനോഭാവം രൂപപ്പെടുത്തുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കും.
ഇതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കും

a) ശുചിത്വപാട്ടുകൾ
b) ശുചിത്വ സർവ്വേ
c) ശുചിത്വ ശീലങ്ങൾ പാലിക്കുന്നവരെ അഭിനന്ദിക്കുക
d) പ്രകൃതി നടത്തം--- സ്കൂൾ പരിസരവും ക്ലാസ് മുറിയും സൂചകങ്ങളുടെ അടിസ്ഥാനത്തിൽ നിരീക്ഷിക്കൽ, ചർച്ച.
e) ഹരിത കാമ്പസ് --ചർച്ച പ്ലാൻ തയ്യാറാക്കൽ. റോൾപ്ലേ ---തീം--- വ്യക്തി ശുചിത്വം, പരിസര ശുചിത്വം

4. പൊതു ആരോഗ്യം

ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കാൻ പോഷണം,ശുചിത്വം, വ്യായാമം, നല്ല ഉറക്കം, മനസ്സിന്റെ സന്തോഷം, ആരോഗ്യ മര്യാദകൾ തുടങ്ങിയ ഘടകങ്ങളിൽ കൃത്യമായ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ടീ ഘടകങ്ങളെ കുറിച്ച് ധാരണ വികസിപ്പിക്കാൻ ആവശ്യമായ പദ്ധതികൾ( ബോധവൽക്കരണ ക്ലാസുകൾ, വീഡിയോ പ്രദർശനം, അഭിമുഖങ്ങൾ', ചിത്രരചന,യോഗ പരിശീലനം, കൗൺസിലിംഗ്) തുടങ്ങിയവ ആസൂത്രണം ചെയ്തു നടപ്പിലാക്കും.

5. ഡിജിറ്റൽ അച്ചടക്കം

മൊബൈൽ ഫോണുകളുടെ ഉപയോഗം കുട്ടിയുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നു ഡിജിറ്റൽ അച്ചടക്കത്തിനായി സംവാദം,പോസ്റ്റർ നിർമ്മാണം
തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികൾക്കായി ഏർപ്പെടുത്തും

6. പൊതുമുതൽ സംരക്ഷണവും അതിന്റെ ആവശ്യകതയും അനിവാര്യതയും എന്താണെന്ന് കുട്ടിയെ ബോധ്യപ്പെടുത്താൻ കുറിപ്പ് തയ്യാറാക്കൽ, ഉപന്യാസം തയ്യാറാക്കാൻ,, കഥാരചന, സംവാദം, ചർച്ച, ചിത്ര രചന തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തു നടപ്പിലാക്കും

7. ഗുണനിലവാരമുള്ള ജീവിതം എല്ലാവർക്കും ഉറപ്പുവരുത്തുവാൻ പരസ്പര സഹകരണത്തിന്റെയും വൈകാരിക നിയന്ത്രണത്തിന്റെയും പ്രാധാന്യം തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്. വിവിധതരംകളികൾ, റോൾ പ്ലേ തുടങ്ങിയവയിലൂടെ വികാരങ്ങളെ തിരിച്ചറിഞ്ഞ് ഉചിതമായി പ്രകടിപ്പിക്കുവാനുള്ള പരിശീലനം നൽകുകയും പരസ്പര സഹകരണത്തിന്റെ പ്രാധാന്യം തിരിച്ചറിയാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യും